**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 192 **09.12.2014**- ൽ മറുപടിക്ക്

**<u>കൺസ്യൂമർഫെഡ്, നീതി, നന്മ, ത്രിവേണി സ്റ്റോറുകൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ.ബി.സത്യൻ<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>,, പുരുഷൻ കടലുണ്ടി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) കൺസ്യൂമർഫെഡ്, നീതി, നന്മ, ത്രിവേണി സ്റ്റോറുകളുടെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരം സ്ഥാപനങ്ങളിൽ ഏറിയ പങ്കും അടച്ചുപൂട്ടലിന്റെ വക്കിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ദൈനംദിന വ്യാപാര മേഖലയിൽ വിനിയോഗിച്ചിരുന്ന പ്രവർത്തന ഫണ്ട് നിലനിർത്തി വ്യാപാരം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിൽ ചില തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട് ആയത് പരിഹരിക്കുന്നതിന് ഗവൺമെന്റും മാനേജ്മെന്റും ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) എങ്കിൽ ഇതിനിടയാക്കിയ സാഹചര്യം എന്തായിരുന്നുവെന്നും അത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) മാനേജ്മെന്റ് വൈദഗ്ദ്ധ്യം വ്യാപാര മേഖലയിൽ നടപ്പാക്കിയതിലുണ്ടായ അപാകതകൾ പരിഹൃതമാക്കുന്നതിലുണ്ടായ കാലവിളംബം, ദൂരവ്യാപക ലക്ഷ്യത്തോടെ വ്യാപാര വിപുലീകരണ ശൃംഖലകൾ സൃഷ്ടിച്ചതിലുണ്ടായ നയനൈപുണ്യമില്ലായ്മ ഫെഡറേഷന് എതിരായി വന്ന ചില മാദ്ധ്യമ വാർത്തകൾ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പോലീസ് വിജിലൻസ് പരിശോധനകളിന്മേലുള്ള പ്രചരണങ്ങൾ എന്നിവ കൺസ്യൂമർഫെഡ് യൂണിറ്റുക |

ളുടെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട് ഇത് പരിഹരിക്കുന്നതിനായി വിവിധ പുനരുദ്ധാരണ പദ്ധതികളും, പ്രവർത്തനങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു

(ഡി) ഇത്തരം സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തത് മൂലം സ്വകാര്യ കച്ചവടക്കാർ ഉപഭോക്താക്കളെ ചൂഷണം ചെയ്യുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കച്ചവടക്കാർ അധികലാഭം കൊയ്യുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുള്ള നീക്കമാണ് ഇതിന്റെ പിന്നിലുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ?

(ഡി) കൺസ്യൂമർ ഫെഡ് നടത്തിയിരുന്ന വിവിധ ഉപഭോക്തൃ വിതരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ തൃപ്തിക്കനുസൃതമായി പ്രവർത്തിക്കാതിരിക്കുന്നത് സ്വകാര്യ കച്ചവടക്കാർ ഉപഭോക്താക്കളെ ചൂഷണം ചെയ്യാനുള്ള സാദ്ധ്യത ഉണ്ടെന്നു വിലയിരുത്തിയിട്ടുണ്ട്. കച്ചവടക്കാർക്ക് അധികലാഭം കൊയ്യുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുള്ള നീക്കമാണ് ഇതിനു പിന്നിലുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ